വെട്ടുകാട് ദേവാലയത്തിലെ ഉത്സവം, ബീമാപള്ളി ഉത്സവം അങ്ങനെ കേരളത്തിൽ ഒരുപാട് സ്ഥലങ്ങളുണ്ട്. നമ്മളാരും കോടതിക്ക് എതിരല്ല കോടതി വിധിക്കും എതിരല്ല. നീതിന്യായ സ്ഥാപനങ്ങൾ മനുഷ്യ നന്മയ്ക്കു വേണ്ടിയായിരിക്കണം. അതാണ് നമ്മുടെ കാഴ്ചപ്പാട്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളോട് പ്രതിപക്ഷത്തിന് വിയോജിപ്പ് ഉണ്ടാകേണ്ട കാര്യമില്ല. ഞങ്ങൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : ജനവികാരം മാനിച്ചാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. ആ ജനവികാരം മാനിച്ച് കോടതിയും പോകണം. അതുകൊണ്ട് വളരെ ശക്തമായ നിയമം ഉണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ : നമുക്ക് കൂട്ടായി ആലോചിച്ച് അതിനുള്ള നടപടിയിലേക്ക് പോകാം

5. പ്രശാന്തിന്റെ ദുരൂഹമരണം

ശ്രീ. പി. സി. ജോർജ് : സർ, തിടനാട് കീന്തനാനിയ്ക്കൽ തങ്കപ്പന്റെ മകൻ പ്രശാന്ത് 30-ാം തീയതി വൈകുന്നേരം വീട്ടിൽനിന്ന് പോകുകയും 31-ാം തീയതി മരിച്ചു കിടക്കുന്നതായാണ് കാണപ്പെട്ടത്. അദ്ദേഹത്തിന്റെ ഉടുമുണ്ടും ചെരിപ്പും മൃതദേഹം കിടന്നതിന്റെ 50 മീറ്റർ അകലെയാണ് കിടന്നിരുന്നത്. 20-ഓളം മുറിവുകളുണ്ടെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് പോസ്റ്റ്മോർട്ടം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൊലപാതകത്തിനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടെന്നത് വളരെ വ്യക്തമാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽതന്നെ പറഞ്ഞിരിക്കുന്നത് Opinion as to cause of death, death was due to head injury എന്നാണ്. തലയിൽ ഇൻസൈഡ് ഇൻജുറിയാണ്. അതാണ് പ്രധാനപ്പെട്ട കാര്യം. ഇത് കൊലപാതകമാണെന്നുള്ള കാര്യത്തിൽ നാട്ടിലെ ജനങ്ങൾക്ക് നൂറു ശതമാനവും ബോദ്ധ്യമാണ്. വിജനമായ ഒരു മേഖലയിലാണ് ആ മൃതദേഹം കണ്ടെത്തിയത്. പ്രശാന്ത് ബാങ്കിലെ പ്യൂൺ ആയിരുന്നു. അയാൾ കുളിക്കുന്ന സമയത്തല്ലാതെ കണ്ണാടി ഊരിവയ്ക്കാറില്ല. പക്ഷേ മൃതദേഹംകണ്ട സ്ഥലത്ത് കണ്ണാടി ഇല്ലായിരുന്നു. ഇതിനെക്കുറിച്ച് ചർച്ചയായപ്പോൾ അവിടെ മുഴുവനും കണ്ണാടിക്കുവേണ്ടി തിരച്ചിൽ നടത്തുകയുണ്ടായി. മൂന്നാം ദിവസം പ്രശാന്തിന്റെ ചെരുപ്പ് കിടന്നതിന്റെ മുന്ന് അടി അകലെ ഈ കണ്ണാടി കിടക്കുകയാണ്. കണ്ണാടി എങ്ങനെ അവിടെ വന്നു. എത്രയോ ആളുകൾ അന്ന് അവിടെകൂടിയതാണ്. രണ്ടാമത്, കൊലപാതകികൾ കൊണ്ടുവന്ന് ഇട്ടു എന്നുള്ളത് ഉറപ്പാണ്. ഇത് കൊലപാതകമാണെന്ന് നൂറ് ശതമാനം ഉറപ്പാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് തിടനാട് പഞ്ചായത്ത് വളരെ സമ്പന്നമായ മേഖലയാണ്. അവിടെ ഇതുപോലെയൊരു കൊലപാതകം നടന്ന് തെളിവില്ലാതെ പോകുക യെന്നുപറഞ്ഞാൽ തെറ്റാണ്. അങ്ങ് ഒരു ഉദ്യോഗസ്ഥനെ അന്വേഷിക്കാൻ നിയോഗിക്കും ആ ഉദ്യോഗസ്ഥൻ ഇതൊരു അപകടമരണമാണെന്ന് എഴുതി വച്ചാൽ ശരിയാകുകയില്ല. ഒന്നുകിൽ തലയിൽ കല്ലുവച്ച് അടിക്കുകയോ അല്ലെങ്കിൽ തടിവച്ച് അടിയ്ക്കുകയോ ചെയ്തിരിക്കണം. ഉന്നതനായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ക്വോഡ് രൂപീകരിച്ച് അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബഹുമാനപ്പെട്ട അംഗം ശ്രീ. പി.സി. ജോർജ് ഇവിടെ വിശദീകരിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ തങ്കപ്പന്റെ മകൻ 22 വയസ്സുള്ള പ്രശാന്ത് എന്ന ആളാണ് മരണപ്പെട്ടത്. പ്രശാന്തിന്റെ അനുജൻ പ്രസാദ് തിടനാട് പോലീസ് സ്റ്റേഷനിൽ എത്തി മൊഴി കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ക്രിമിനൽ നടപടി നിയമം 174-ാം വകുപ്പുപ്രകാരം ക്രൈം 325/2010-ആയി കേസ് രജിസ്റ്റർ ചെയ്തത്. തുടർന്ന് തിടനാട് എസ്.ഐ. ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നാട്ടുകാരുടേയും പൊതുപ്രവർത്തകരുടേയും മറ്റും സാന്നിദ്ധ്യത്തിൽ പ്രേതവിചാരണ നടത്തി മൃതദേഹം കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കി. അന്വേഷണ ഉദ്യോഗസ്ഥൻ ഇരുപത്തിയാറോളം സാക്ഷികളെ കണ്ട് ചോദിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം due to head injury എന്നു രേഖപ്പെടുത്തിയതായിട്ടാണ് റിപ്പോർട്ടിലുള്ളത്. പ്രശാന്തിന്റെ മൃതദേഹത്തിൽ വിവിധതരത്തിലുള്ള ഉരസലുകളുണ്ടായിരുന്നു എന്നുള്ള റിപ്പോർട്ടുണ്ട്. ഒന്നര മീറ്ററോളം ഉയരമുള്ള ഒരു പാറയ്ക്കുസമീപം മുൾച്ചെടികളും കാട്ടുചെടികളും വളർന്നുനിന്നിരുന്ന പ്രദേശത്താണ് മൃതദേഹം കാണപ്പെട്ടത്. പ്രശാന്തിന്റെ മരണത്തിൽ സംശയമുണ്ടെന്ന് കാണിച്ച് പ്രശാന്തിന്റെ മാതാവ് 2-2-2011-ന് ജില്ലാ പോലീസ് സൂപ്രണ്ടിന് ഒരു പരാതി നൽകിയിട്ടുണ്ട്. ഈ പരാതി സംബന്ധിച്ച് കോട്ടയം നാർക്കോട്ടിക് സെല്ലിലുള്ള ഒരു ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. പ്രശാന്തിന്റെ മാതാവിന്റെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് അന്വേഷണം ഈരാറ്റുപേട്ട സി.ഐ. ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജും ഇതുസംബന്ധിച്ച് അദ്ദേഹത്തിന് കിട്ടിയ നിവേദനം എനിക്ക് അയച്ചുതന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് പരിശോധിക്കണമെന്ന് നിർദ്ദേശം കൊടുക്കുന്നതാണ്. അതിന്റെ മേൽനോട്ടം വഹിക്കാൻ കോട്ടയം എസ്.പി.-യെയും ചുമതലപ്പെടുത്തുന്നതാണ്.

6. ശശീന്ദ്രന്റെ ദുരൂഹമരണം

ശ്രീ. എം. ചന്ദ്രൻ : സർ, മലബാർ സിമന്റ്സിലെ സെക്രട്ടറിയായിരുന്ന വി. ശശീന്ദ്രനേയും മക്കളായ പത്തും അഞ്ചും വയസ്സുള്ള വിവേക്, വ്യാസ് എന്നിവരേയും കഴിഞ്ഞ ജനുവരി 24-ന് രാത്രി 9.00 മണിയോടെ പുതുശ്ശേരി, കുരുടിക്കാട്ട് വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയുണ്ടായി. പാലക്കാട് ജില്ലയിലെ ജനങ്ങളെ മുഴുവൻ നടുക്കിയ ഒരു സംഭവമായിരുന്നു ശശീന്ദ്രന്റേയും മക്കളുടേയും ദാരുണ മരണം. ശശീന്ദ്രനും മക്കളും ആത്മഹത്യ ചെയ്തതാണെന്നുള്ളതായിരുന്നു ലോക്കൽ പോലീസിന്റെ പ്രാരംഭ നിഗമനം. മലബാർ സിമിന്റ്സിലെ അഴിമതിക്കേസ്സുകളിൽ പ്രതിയായ വി.എൻ. രാധാകൃഷ്ണൻ ശശീന്ദ്രനെ കുടുംബത്തോടെ ആത്മഹത്യ ചെയ്യിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നതായി ശശീന്ദ്രന്റെ ഭാര്യ പോലീസിന് മൊഴി നൽകുകയും പത്രക്കാരോട്

LIBRARY ARCHIVES Kerala Legislative Assembly